Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/ 2022/ 1707 (20) തീയതി : 16.12.2022

# സർക്കുലർ

വിഷയം:- കൈറ്റ് - വിദ്യാകിരണം പദ്ധതി - ഓൺലൈൻ പഠനത്തിന് സ്കൂളുകൾക്ക് ലഭ്യമാക്കിയ ലാപ്ടോപ്പുകളുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1. സ.ഉ.(സാധാ) നം. 4547/ 2021/ പൊ.വി.വ. തീയതി 11.10.2021.

2. സ.ഉ.(സാധാ) നം. 4843/ 2021/ പൊ.വി.വ. തീയതി 28.10.2021.

3. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 25.08.2022 ലെ D3/ 157/ 2021-G-EDN (Part - 1) നമ്പർ കത്ത്.

4. വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01.12.2022 ലെ DDEWYD/ 3503/ 2022-C4 നമ്പർ കത്ത്.

5. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 13.12.2022 ലെ കൈറ്റ്/ 2022/ 1707 (19) നമ്പർ ഉത്തരവ്.

പൊതുവിദ്യാലയങ്ങളിലെ എല്ലാ വിഭാഗം കുട്ടികൾക്കും ഓൺലൈൻ പഠനത്തിന് ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി 'വിദ്യാശ്രീ' പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കിയ ലാപ്ടോപ്പുകൾ സ്കൂളുകൾ വഴി ലൈബ്രറി പുസ്തകം വിതരണം ചെയ്യുന്നരീതിയിൽ കുട്ടികൾക്ക് ലഭ്യമാക്കാൻ കൈറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ലാപ്ടോപ്പ് നൽകുന്നതിന് മുന്നോടിയായി കുട്ടിയുടെ രക്ഷിതാവും സ്കൂളും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുന്നതിന് അനുമതി നൽകി സൂചന 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും അതിനനുസരിച്ച് സ്കൂളുകൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടികൾ സ്കൂളുകളിൽ നേരിട്ടെത്തിയുള്ള പഠനം ആരംഭിച്ചതിനാൽ ഡിജിറ്റൽ, ഓൺലൈൻ ക്ലാസുകൾക്ക് പ്രത്യേക ഐ.ടി. ഉപകരണങ്ങൾ ഓരോ കുട്ടിയ്ക്കും നൽകേണ്ട അവസ്ഥ നിലവിലില്ലാത്തതിനാൽ ലാപ്ടോപ്പുകളുടെ പുനഃക്രമീകരണം ആവശ്യപ്പെട്ട് സൂചന 4 പ്രകാരം കത്ത് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്കൂളുകളിൽ വിതരണം ചെയ്ത ലാപ്ടോപ്പുകളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ക്രമീകരണം ഒരുക്കാൻ സൂചന 5 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഡിജിറ്റൽ, ഓൺലൈൻ പഠനാവശ്യത്തിനായി ആദ്യഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് സ്കൂളുകൾ വഴി ലാപ്ടോപ്പുകൾ നൽകിയിട്ടുണ്ടെങ്കിലും അതിന്റെ ഉടമസ്ഥാവകാശം സ്കൂളുകളിൽ നിക്ഷിപ്തമാണ്. അതിനാൽ സൂചന 1, 2 ഉത്തരവുകളിൽ പരാമർശിക്കുന്നതുപോലെ ഏതെങ്കിലും കുട്ടികൾക്ക് ലാപ്ടോപ്പ് ആവശ്യമെങ്കിൽ ലൈബ്രറി പുസ്തകം വിതരണം ചെയ്യുന്ന മാതൃകയിൽ ലഭ്യമാക്കാവുന്നതാണ്.

2. വിദ്യാകിരണം പദ്ധതി പ്രകാരം കുട്ടികളിൽ നിന്ന് തിരികെ ലഭിച്ച ലാപ്ടോപ്പുകൾ സ്കൂളിന്റെ പൊതുവായ പഠനാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

3. ഡിജിറ്റൽ പഠനത്തിന് കൂടുതൽ ഉപകരണങ്ങൾ ആവശ്യമുള്ള സ്കൂളുകളിലേയ്ക്കാണ് വിദ്യാകിരണം പദ്ധതി പ്രകാരം ലാപ്ടോപ്പുകൾ വിതരണം ചെയ്തിരുന്നത്. അതിനാൽ നിലവിലെ ആവശ്യത്തിനുപരിയായുള്ള ലാപ്ടോപ്പുകൾ ജില്ലയിലെ മറ്റ് സ്കൂളുകൾക്ക് ഉപയോഗിക്കുന്നതിന് ക്രമീകരണം ഒരുക്കേണ്ടതാണ്. അതിനായി കൈറ്റിന്റെ ജില്ലാ ഓഫീസിൽ എല്ലാ മാസ്റ്റർ ട്രെയിനർമാരുടേയും യോഗം ചേർന്ന് ഓരോ സ്കൂളിനും ആവശ്യമുള്ള ലാപ്ടോപ്പുകൾ നിലനിർത്തുന്നതിനും അധികമായി വരുന്നവ സമീപത്തെ മറ്റ് സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള വിശദാംശങ്ങൾ സ്റ്റേറ്റ് ഓഫീസിൽ അറിയിക്കേണ്ടതും, ഓൺലൈൻ ഉപകരണ വിതരണ-പരിപാലന സംവിധാനത്തിൽ ഉൾപ്പെടുത്തി സ്റ്റേറ്റ് ഓഫീസിന്റെ അനുമതിയോടെ പ്രസ്തുത പ്രവർത്തനം ജില്ലയ്ക്കുള്ളിൽ നടത്തുന്നതിന് ക്രമീകരണം ഒരുക്കേണ്ടതാണ്.

4. വയനാട് ജില്ലയിൽ പുനർ വിതരണത്തിന് ശേഷം അവശേഷിക്കുന്ന ലാപ്ടോപ്പുകൾ സമീപ ജില്ലകളിലെ സ്കൂളുകളിൽ ഉപയോഗിക്കുന്നതിനായി താല്ക്കാലികമായി വിതരണം ചെയ്യാവുന്നതാണ്. ഇതിനുള്ള ക്രമീകരണം അതത് ജില്ലാ കോ-ഓർഡിനേറ്റർമാർ ഒരുക്കേണ്ടതും സ്റ്റേറ്റ് ഓഫീസിന്റെ അനുതിയോടെ നടപ്പിലാക്കേണ്ടതുമാണ്.

5. ഏതെങ്കിലും സാഹചര്യത്തിൽ ആദ്യം വിതരണം ചെയ്തതും തിരിച്ചെടുത്തതുമായ സ്കൂളുകളിൽ ലാപ്ടോപ്പുകൾ വീണ്ടും ആവശ്യം വന്നാൽ അവ പുനഃക്രമീകരിക്കുന്നതിന് കൈറ്റിന്റെ ജില്ലാ ഓഫീസ് സംവിധാനം ഒരുക്കേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
വിദ്യാകിരണം പദ്ധതി പ്രകാരം ലാപ്ടോപ്പ് ലഭിച്ച എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
എല്ലാ ആർ.ഡി.ഡി. (എച്ച്.എസ്.ഇ.)/ എ.ഡി. (വി.എച്ച്.എസ്.ഇ.)/ വിദ്യാഭ്യാസ ഉപഡയറക്ടർ/
ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക് ഫയൽ